* 226. [248] ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് അനുവദിക്കുന്ന ക്ഷാമബത്ത സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്കും നൽകിക്കൊണ്ടിരുന്ന സമീപനത്തിൽ നിന്നും ഈ ഗവൺമെന്റ് വ്യതിചലിച്ചുവോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ഏറ്റവും ഒടുവിൽ ക്ഷാമബത്ത നൽകിയത് എപ്പോഴാണ് ;

(ഡി) ജീവിതനിലവാര സൂചികയുടെ വർദ്ധനവ് അനുസരിച്ച് കേന്ദ്ര ജീവനക്കാർക്ക് അനുവദിച്ച ക്ഷാമബത്ത സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്കും ഉടനടി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഇ) ഇത് നൽകുന്നതിനുള്ള അധിക ചെലവ് എത്ര ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 24-6-1986-ലെ ഗവൺമെന്റ് ഉത്തരവ് ജി. ഒ. (പി) 444/86/ധനകാര്യം അനുസരിച്ച് 1-1-1986 മുതൽ പ്രാബല്യമുള്ള ക്ഷാമബത്ത ഗഡുവാണ് ഏറ്റവും ഒടുവിലായി സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് നൽകിയത്.

(ഡി) കേന്ദ്ര ഗവൺമെന്റ് 1-4-1986 മുതൽ അനുവദിച്ച ഒരു ഗഡു ക്ഷാമബത്ത മാത്രമേ സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് നൽകുവാനുള്ളു. ഇത് അനുവദിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഇ) ഒരു ഗഡു ക്ഷാമബത്ത നൽകുന്നതിന് ഒരു വർഷത്തേക്ക് 7.5 കോടി രൂപ അധിക ചെലവ് ഉണ്ട്.

പുതിയ വ്യവസായങ്ങൾക്കുള്ള വിദ്യുച്ഛക്തി തീരുവ

* 227. [249] ശ്രീ. ടി. എസ്. ജോൺ :
,, പി. സി. ജോർജ് :
,, എം. വി. മാണി :
,, സി. എഫ്. തോമസ് :
,, തോമസ് കല്ലംപള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വ്യവസായങ്ങൾക്ക് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള വിദ്യുച്ഛക്തി തീരുവ ഇളവ് ഇതുവരെ എത്ര വ്യവസായങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട് ;

(ബി) ഇളവു ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ബോർഡിന് ലഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly